[Hon'ble Mr. N. Kunjuraman.]

(ബി) മഹമ്മദൻ സ്കോളർഷിപ്പു കൊടുക്കുന്ന കാര്യത്തിൽ മെറിറ്റും ധനസ്ഥിതിയും പരിഗണിക്കാറുണ്ട്.

MR. MOHAMMED MUSTAFA : ഫ്രീ സ്റ്റഡി-ൽ നിർദ്ധനരായ വിദ്യാർത്ഥികൾ സ്കോളർഷിപ്പു നൽകുന്നതിനു് ഹൈസ്കൂളുകളിൽ ഇല്ലായിരുന്നുവെന്നാണോ ഗവണ്മെൻറു പറയുന്നതു്?

HON'BLE MR. N. KUNJURAMAN : അവർക്കു് സ്കോളർഷിപ്പില്ല; ഫീകൺസഷനാണു് കൊടുക്കുന്നതു്.

MR. MOHAMMED MUSTAFA : സാധാരണ വിദ്യാർത്ഥികൾക്കു കൊടുക്കാറുണ്ടായിരുന്ന ഈ സ്കോളർഷിപ്പു് നിർത്താൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

HON'BLE MR. N. KUNJURAMAN : സ്കോളർഷിപ്പു് പ്രത്യേകമായി കൊടുക്കുന്നുവെന്നു പറഞ്ഞില്ല. ഫീ കൺസഷനാണു് കൊടുക്കുന്നതു്.

MR. MUHAMMED MUSTAFA : ഫ്രീ സ്റ്റഡി-ൽ എത്രപേർക്കു ഫീകൺസഷൻ അനുവദിച്ചിട്ടുണ്ടെന്നു പറയാമോ?

HON'BLE MR. N. KUNJURAMAN : നൂറ്റമ്പതു രൂപാ സ്കോളർഷിപ്പു കൊടുത്തിട്ടുണ്ടു്.

MR. MUHAMMED MUSTAFA : ഫ്രീ സ്റ്റഡി-ൽ എത്രപേർക്കു് ഫീകൺസഷൻ കൊടുത്തിട്ടുണ്ടു്.

HON'BLE MR. N. KUNJURAMAN : ആ വിവരം ഇപ്പോൾ പറയാൻ നിവൃത്തി ഇല്ല.

MR. G. RAMACHANDRAN (*Neyyattinkara III—General*) : മഹമ്മദൻ സ്കോളർഷിപ്പിന്റെ അർത്ഥമെന്താണു്?

HON'BLE MR. N. KUNJURAMAN : അതു മഹമ്മദീയർക്കാണു് കൊടുക്കുന്നതു്. യോഗ്യതയും നിർദ്ധനത്വവും അടിസ്ഥാനമാക്കിയാണു കൊടുക്കുന്നതു്.

MR. G. RAMACHANDRAN : അതു് ഏതു തോതിലാണു കൊടുക്കുന്നതു്?

HON'BLE MR. N. KUNJURAMAN: മുൻപറഞ്ഞ തോതിൽതന്നെ.

തീപ്പെട്ടിനിർമ്മാണം.

* 142 MR. MOHAMMED MUSTAFA : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ?

(എ) കുടിൽവ്യവസായാടിസ്ഥാനത്തിൽ തീപ്പെട്ടിനിർമ്മാണം നടത്തുന്ന എത്ര ലൈസൻസികൾ ഈ രാജ്യത്തുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവക്ക് ആവശ്യമുള്ളിടത്തോളം തടി (soft wood) കിട്ടാതിരിക്കെ ഒരു വലിയ തീപ്പെട്ടിക്കമ്പനിയായ വഞ്ചിനാട് മാച്ച് വർക്സിനുഗവണ്മെൻറു സമുജന്യവിലയ്ക്കു തടി നൽകുന്നുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI:

(എ) ഫർ.

(ബി) ഇല്ല.

Fertilisers and Chemicals Travancore Ltd.

*143. MR. PAUL THALIAT (*Parur III.—General*): Will the Hon'ble Minister for Industries be pleased to state:

(*a*) the name of the Government representatives who attended the last general meeting of the Fertilisers and Chemicals Travancore Ltd.;

(*b*) whether the Government representatives have made any report on the proceedings of the meeting and if so, will the Government be pleased to place the same on the table; and

(*c*) whether Government have received a copy of the proceedings of the meeting direct from the company and if so will the Government be pleased to place the same on the table?

HON'BLE MR. T. K. NARAYANA PILLAI:

(*a*) Mr. C. Kumara Das, Secretary to Government;

(*b*) No;

(*c*) (i) Yes;

(ii) No.

MR. PAUL THALIAT: ഈ ഗവണ്മെൻറുപ്രതിനിധി എന്തുകൊണ്ടാണ് അദ്ദേഹം പോയിവന്നതിനുശേഷം ജനറൽബോഡി മീറ്റിംഗിൻെറ റിപ്പോർട്ട് സമർപ്പിക്കാതിരുന്നത്?

HON'BLE MR. T. K. NARAYANA PILLAI: റിപ്പോർട്ട് ഇതുവരെ സമർപ്പിച്ചിട്ടില്ല. അതുകൊണ്ട് സമർപ്പിക്കയില്ലെന്നർത്ഥമില്ല.

MR. PAUL THALIAT: സെപ്റ്റംബറിൽ അന്ന് ഇതു നടന്നതെന്നറിയാമോ?

HON'BLE MR. T. K. NARAYANA PILLAI: തീർച്ചയായും അറിയാം.

MR. PAUL THALIAT: നവമ്പറായിട്ടും ഇതുവരെ റിപ്പോർട്ട് സമർപ്പിക്കാതിരിക്കാൻ കാരണമുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI: പല സ്ഥലങ്ങളിലും പല ആവശ്യങ്ങളുമായി അദ്ദേഹം സർക്കീട്ടിലായിരുന്നു. അതുകൊണ്ടാണ് റിപ്പോർട്ട് സമർപ്പിക്കാതിരുന്നത്. റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഈ ഉദ്യോഗസ്ഥനോട് ആവശ്യപ്പെട്ടതാണ്.

MR. PAUL THALIAT: കമ്പനി റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI: ഉണ്ടെന്നു പറഞ്ഞുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly